

# 2025

# ശ്രുതി വാർഷിക ദിനം
# 21st SRUTHI ANNUAL DAY

Leeds West Academy Theatre,
Leeds, LS13 1DQ

2pm - 8:30pm
12 April 2025

## MANU S. PILLAI

Delivers the key note address on Sruthi's 21st Annual Day. Born in Mavelikkara and raised in Pune, he is now an internationally acclaimed author and historian. Since the award winning debut book on 'The House of Travancore' in 2015, his books have redefined popular and influenced critical discourse on Deccan Sultans, Indian Maharajahs and Hindu Identity. His ingrained Indian (and Malayali) sensibility and inculcated world view foster fresh outlook on dated notions and obscure facets of the rich Indian history. An alumnus of Ferguson College, Pune and King's College, London, his extensive working with MPs in India and the UK, his 'engaging style of prose' and his 'telling a good story' make him one of the 'finest historians in India'.

## മനു. എസ്. പിള്ള



അന്താരാഷ്ട്രപ്രശസ്തി നേടിയ എഴുത്തുകാരനും ചരിത്രകാരനുമായ മനു എസ് പിള്ളയാണ് ശ്രുതിയുടെ വാർഷികദിനത്തിലെ മുഖ്യപ്രഭാഷകൻ. മാവേലിക്കരയിൽ ജനിച്ച് പൂനെയിൽ ബാല്യകാലം കഴിച്ച അദ്ദേഹം പൂനെ ഫെർഗുസൺ കോളേജിലും ലണ്ടൻ കിങ്സ് കോളേജിലും പഠിച്ചു. ഒപ്പം ഡൽഹിയിലും ലണ്ടനിലും പ്രമുഖ പാർലമെന്റ് അംഗങ്ങൾക്കൊപ്പം പ്രവർത്തിച്ചു. തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രം അധികരിച്ച് 2015-ൽ രചിച്ച "ദന്തസിംഹാസനം" എന്ന ബൃഹത്ഗ്രന്ഥത്തെ തുടർന്ന് തന്റെ സാഹിത്യ സപര്യയിൽ രവിവർമ്മക്കാലത്തെ മഹാരാജാക്കന്മാരും ഡെക്കാനിലെ സുൽത്താന്മാരും ആധുനിക ഹിന്ദുത്വവും പ്രതിപാദ്യമായി. ഭാരതീയ/കേരളീയ സംസ്കാരത്തിൽ വേരൂന്നിയ അദ്ദേഹത്തിന്റെ സൂക്ഷ്മാവബോധവും ലോകവീക്ഷണവും, സമ്പന്നമായ ഭാരതീയ ചരിത്രത്തെപ്പറ്റിയുള്ള കാലഹരണപ്പെട്ട ധാരണകൾ മാറ്റിച്ചിന്തിപ്പിക്കാനും ചരിത്രത്തിലെ ഇരുണ്ട ഇടനാഴികളിലേയ്ക്ക് വെളിച്ചം വീശാനും നൂതനമായ കാഴ്ചപ്പാടുകൾ വളർത്താനും സഹായിക്കുന്നു. അയത്ന ലളിതമായ രചനാശൈലിയും കഥാകഥനപാടവവും അദ്ദേഹത്തിന്റെ പുസ്തകങ്ങൾ നിരൂപകർക്കും സാധാരണവായനക്കാർക്കും പ്രിയങ്ക രമാക്കുന്നു.

## SMRITHILAHARI

Our young dancers and seasoned singers bring to life the song adaptation, for Sruthi, of Smrithilahiri penned by O N V Kurup and composed by K P Udayabhanu. The poetic and musical richness encapsulate Kerala's natural beauty, seasons, traditions and arts. A cultural journey through the bittersweet nostalgia and the emotional connection to homeland.

## സ്മൃതിലഹരി

പ്രതിഭാധനരായ യുവനർത്തകരും പരിചയസമ്പന്നരായ ഗായകരും ഒന്നിച്ച്, ഒ.എൻ.വി.കുറുപ്പ് രചിച്ച് കെ.പി.ഉദയഭാനു സംഗീതം നൽകിയ "സ്മൃതിലഹരി"യുടെ ശ്രുതിയ്ക്കായുള്ള ഗാനാവിഷ്കാരം വേദിയിൽ അവതരിപ്പിക്കുന്നു. കാവ്യാത്മകവും സംഗീതാത്മകവുമായ ഈ അവതരണം കേരളത്തിന്റെ പ്രകൃതിഭംഗി, ഋതുക്കൾ, പാരമ്പര്യങ്ങൾ, കലകൾ എന്നിവയെ ഉൾക്കൊള്ളുന്നു. സ്വന്തം നാട്ടിലേക്ക് മധുരവും നോവും കലർന്ന ഗൃഹാതുരത്വം നിറഞ്ഞ ഒരു വൈകാരിക സാംസ്കാരിക യാത്രയാണിത്.



## GEETHA PADMAKUMAR

Performs on the Sruthi stage. The renowned Kuchipudi dancer, teacher, and choreographer from Kerala began her Kuchipudi journey under the guidance of Kalamandalam Mohana Thulasi, who played a pivotal role in nurturing her foundational skills and facilitating her special training under the legendary Guru Padmabhushan Vempati Chinna Sathyam. She has performed on prestigious stages worldwide, captivating audiences with her grace and expertise. As the founder of Paadam School of Kuchipudi, she is dedicated to teaching and inspiring the next generation of dancers.
Her acclaimed dance productions, Radhe Shyam and Ramanatakam, reflect her passion for blending tradition with creativity.

## ഗീത പദ്മകുമാർ

വിഖ്യാത കുച്ചിപ്പുടി നർത്തകിയും അദ്ധ്യാപികയും നൃത്തസംവിധായികയുമായ ഗീത പദ്മകുമാർ ശ്രുതി വേദിയിൽ നൃത്തമവതരിപ്പിക്കുന്നു. കലാമണ്ഡലം മോഹനതുളസിയിൽ നിന്നും കുച്ചിപ്പുടിയുടെ അടിസ്ഥാന പാഠങ്ങൾ അഭ്യസിച്ച ഗീത പദ്മകുമാർ പിന്നീട് ഇതിഹാസസമാനനായ ഗുരു വെമ്പട്ടി ചിന്നസത്യത്തിന്റെ കീഴിൽ പ്രത്യേക പരിശീലനം നേടി.
ലോകത്തിലെ പ്രമുഖ വേദികളിൽ പരിപാടികൾ അവതരിപ്പിക്കുകയും കാണികളെ തന്റെ നൃത്തപാടവം കൊണ്ട് അത്ഭുതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 'പാദം' എന്ന പേരിൽ നടത്തുന്ന കുച്ചിപ്പുടി വിദ്യാലയത്തിലൂടെ അവർ അടുത്ത തലമുറയിലെ നർത്തകരെ പഠിപ്പിക്കാനും അവർക്ക് പ്രചോദനം നൽകാനും ആത്മാർപ്പണം ചെയ്യുന്നു. അവരുടെ പ്രശസ്ത നൃത്തപരിപാടികളായ രാധേ ശ്യാം, രാമനാടകം എന്നിവ പാരമ്പര്യവും സർഗ്ഗശക്തിയും ഒന്നിച്ചുചേർക്കാനുള്ള അഭിനിവേശം വെളിപ്പെടുത്തുന്നു.

## ECHOES OF FREEDOM

This solo contemporary Bharatanatyam performance unveils Britain's post-colonial amnesia and reclaims India's history of freedom fighting. Through evocative storytelling and intricate movements, narratives of the empire are challenged and that on Indian identity redefined. A compelling journey of memory, resilience and reflection!

## സ്വാതന്ത്ര്യപ്രതിധ്വനി

ശ്രുതിയുടെ വേദികളിൽ വളർന്ന് അതിന്റെ അതിരുകൾ ഭേദിച്ച ശ്രുതി അംഗത്തിന്റെ നൃത്തം. മുഖ്യാതിഥിയുടെ ചരിത്രാന്വേഷണത്തെ പരിശോധിച്ച്, ബ്രിട്ടന്റെ അധിനിവേശവിസ്മൃതിയെ വെളിപ്പെടുത്തി, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ വീണ്ടെടുത്ത്, ഭരതനാട്യത്തിന്റെ സങ്കേതങ്ങളിലൂടെ അധിനിവേശഭാഷ്യത്തെയും ഇന്ത്യയുടെ സ്വത്വത്തെയും പുനരാഖ്യാനം ചെയ്യാൻ ശ്രമം. ഓർമ്മയും സ്ഥൈര്യവും വിചാരവും നയിക്കുന്ന ഒഴിവാക്കാനാവാത്ത യാത്ര.

## SIVASAKHTI

According to Indian mythology, Sivasakthi concept highlights the interdependence of masculine and feminine energy. Siva, the supreme consciousness unites with Sakthi's energy to manifest, create, sustain and destroy. Sruthi dancers portray this concept with their thematic production Sivasakthi.

## ശിവശക്തി

ഭാരതീയപുരാണമനുസരിച്ച്, ശിവശക്തിസങ്കൽപ്പം നരനാരീഊർജ്ജത്തിന്റെ പരസ്പരാശ്രിതത്വത്തെ ഉയർത്തിക്കാട്ടുന്നു. പരബ്രഹ്മമായ ശിവൻ സൃഷ്ടിസ്ഥിതിസംഹാരത്തിനായി ശക്തിയുമായി ചേരുന്നു. ശ്രുതി നർത്തകർ ശിവശക്തിയിലൂടെ ഈ ആശയം അവതരിപ്പിക്കുന്നു.

## CHITRAVARNANGAL

A musical tribute, honouring the enduring legacies of two cultural icons, whose works continue to touch our hearts and minds. Unfolding in two segments: the first celebrates the soulful voice of P Jayachandran, with a selection of his cherished hits over the years; the second shines a light on the brilliance of MT Vasudevan Nair, featuring songs from films he scripted, reflecting on his mastery at storytelling. Music and poetry intertwine, honouring the profound and lasting influence of the two late legends in the world of music and cinema.

## ചിത്രവർണ്ണങ്ങൾ

എന്നും മലയാളികളുടെ അഹങ്കാരമായ രണ്ട് അതുല്യ പ്രതിഭകളുടെ സംഭാവനകൾ ആഘോഷിക്കുകയാണ് ശ്രുതി സംഗീതസംഘം. ആദ്യ ഭാഗത്തിൽ മലയാളത്തിന്റെ ഭാവഗായകന്റെ ഒരു പിടി ഹിറ്റ് ഗാനങ്ങൾ. രണ്ടാംഭാഗത്തിൽ എം.ടി എന്ന മഹാപ്രതിഭയുടെ തൂലികയിൽ പിറന്ന ചിത്രങ്ങളിലെ ഗാനങ്ങൾ. സംഗീതവും സാഹിത്യവും ഭാവവും കോർത്തിണക്കി ഈ മഹാപ്രതിഭകളുടെ കാലത്തെ അതിജീവിക്കുന്ന സ്വാധീനത്തെ ആദരിക്കുന്നു.

## IVORY THRONE

Sruthi in-house theatre stages Ivory Throne, Manu Pillai's tale of the intricate power dynamics in relationships amidst historical forces in the Travancore Royal Family, set against the familial backdrop of Sethu Lakshmi Bayi and Sethu Parvathi Bayi. Matrilineal succession and power struggles strain their maternal connection, plunging them into venomous rivalry. Their lives reflect their kingdom's greater dilemma of being poised between tradition and modernity and the complexities of evolving gender roles. The story reminds us of how ambition, vengeance, and obligation shape the destiny of a dynasty, resonating across centuries and shifting social circumstances.

## ദന്തസിംഹാസനം



തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന ഏടിന് മനു പിള്ളയുടെ ഭാഷ്യമായ ദന്തസിംഹാസനം ശ്രുതി നാടകമായി അവതരിപ്പിക്കുന്നു. ചരിത്രപശ്ചാത്തലത്തിൽ അധികാരത്തിന്റെയും വ്യക്തിബന്ധങ്ങളുടെയും സങ്കീർണ്ണങ്ങളായ ഇഴപിരിയലുകൾ അവലോകനം ചെയ്യുന്ന ഇതിവൃത്തം. രാജകുടുംബാംഗങ്ങളായ സേതു ലക്ഷ്മി ബായി, സേതു പാർവതി ബായി എന്നീ സഹോദരിമാരുടെ ജീവിതത്തെ കേന്ദ്രീകരിച്ചു വികസിക്കുന്നു. പരസ്പരധാരണയാലും ബഹുമാനത്താലും വിളക്കിച്ചേർത്തിരുന്ന അവരുടെ ബന്ധങ്ങളിൽ അധികാരത്തിന്റെയും പിൻതുടർച്ചാവകാശത്തിന്റെയും വടംവലി വിള്ളൽ വീഴ്ത്തി, താൻ പോരിമയിലേക്കും പരസ്പരവിശ്വാസമില്ലായ്മയിലേക്കും കൂപ്പുകുത്തുന്നു. അവരുടെ ഉൾപ്പോരിൽ മാറുന്ന ലിംഗനീതിയും രാജനീതിയും പുരോഗമനേച്ഛയും നിഴലിക്കുന്നു. മഹത്വാകാംക്ഷ, കർത്തവ്യബോധം, പ്രതികാരവാഞ്ഛ ഇവയെല്ലാം ഒരു രാജവംശത്തിന്റെയും സമൂഹത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്നു.

| | | |
|---|---|---|
| പരസ്പരം | 13:00 | Parasparam |
| നാന്ദി<br>സ്മൃതിലഹരി | 14:00 | Prelude<br>Smrithilahari |
| ഉദ്ഘാടനം<br>മുഖ്യ പ്രഭാഷണം<br>മനു.എസ്. പിള്ള | 14:05 | Inauguration<br>Keynote address<br>Manu S. Pillai |
| നൃത്തം<br>സ്വാതന്ത്ര്യപ്രതിധ്വനി | 15:20 | Dance<br>Echoes of Freedom |
| മുഖാമുഖം<br>മനു.എസ്പി.ള്ള | 15:35 | Interview<br>Manu S. Pillai |
| നൃത്തം<br>ശിവശക്തി | 16:20 | Dance<br>Sivasakthi |
| ലഘു ഭക്ഷണം | 16:35 | Tea break |
| സംഗീതം<br>ചിത്രവർണങ്ങൾ | 17:20 | Music<br>Chithravarnangal |
| കുച്ചിപ്പുടി<br>ഗീത പദ്മകുമാർ | 18:15 | Kuchipudi<br>Geetha Padmakumar |
| മുഖാമുഖം<br>ഗീത പദ്മകുമാർ | 19:00 | Interview<br>Geetha Padmakumar |
| നാടകം<br>ദന്തസിംഹാസനം | 19:30 | Play<br>Ivory Throne |
| ഭരതവാക്യം<br>തിരശ്ശീല<br>നന്ദി | 20:20 | Postlude<br>Curtain call<br>Vote of thanks |
| അത്താഴം | 20:30 | Dinner |

| TICKETS | PRICE |
| --- | --- |
| Member Adult* | £40 |
| Member Child** | £25 |
| Non-member Adult | £45 |
| Non-member Child** | £30 |

*Applies to non-member student
**5-15 years

## KEEP CONNECTED WITH US

Sruthirekha magazine

https://www.sruthionline.com

@sruthi_uk_org

Sruthi UK Org

For tickets please contact:

sruthiexcom@gmail.com

07925 736388